ഉള്ളൂർ, പട്ടം തോടുകളുടെ മാലിന്യ സങ്കലനം രണ്ടു മാസത്തിനകം പ്ലാമൂട്, മുറിഞ്ഞപാലം സ്വീവേജ് പമ്പ് ഹൗസുകൾ പ്രവർത്തനമാരംഭിക്കുന്നതോടെ നിയന്ത്രിക്കാൻ കഴിയുമെന്ന് കരുതുന്നു.

"സ്വജൽധാര" പദ്ധതി

35 [192] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സ്വജൽധാര' പദ്ധതിക്കായി തൃശ്ശൂർ ജില്ലയിൽ എത്ര അപേക്ഷകർ ഉണ്ടായിരുന്നുവെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഓരോന്നിനും അനുവദിച്ചിട്ടുള്ള വിഹിതം വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയിൽ സമർപ്പിക്കപ്പെട്ട അർഹമായ മുഴുവൻ അപേക്ഷകളിലും അനുമതി നൽകാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത അപേക്ഷകളിൽ അനുമതി നൽകാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഇ) അടുത്ത സാമ്പത്തിക വർഷത്തിൽ ടി അപേക്ഷകൾക്ക് മുഴുവൻ അനുമതി നൽകുവാനും പദ്ധതികൾ പൂർത്തിയാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 'സ്വജൽധാര' പദ്ധതിക്കായി തൃശ്ശൂർ ജില്ലയിൽ നിന്ന് സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

ചേലക്കര	-	35
ഒല്ലൂർ	-	23
കൊടകര	-	2
വടക്കാഞ്ചേരി	-	1
ചേർപ്പ്	-	2
ഇരിങ്ങാലക്കുട	-	2
കുന്ദംകുളം	-	1
ആകെ	-	**66**

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ 32 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഓരോന്നിനും അനുവദിച്ചിട്ടുള്ള വിഹിതം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) 'സ്വജൽധാര' പദ്ധതി 90% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയാണ്. 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് അനുവദിച്ച കേന്ദ്ര വിഹിതം, മുഴുവൻ പദ്ധതികളും ഏറ്റെടുക്കാൻ പര്യാപ്തമായിരുന്നില്ല.

(ഡി) 2002-03 സാമ്പത്തിക വർഷത്തിൽ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ നിന്ന് കേന്ദ്ര സർക്കാർ നേരിട്ട് പദ്ധതികൾ തെരഞ്ഞെടുക്കുകയായിരുന്നു. കേന്ദ്ര സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കിയിട്ടില്ല. എന്നാൽ 2003-04 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ വ്യക്തമായ അർഹതാ മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ തെരഞ്ഞെടുത്തത്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് സമർപ്പിച്ച പദ്ധതികൾ, അർഹതാമാനദണ്ഡത്തിനും എസ്റ്റിമേറ്റ് തുക കുറഞ്ഞ ചെറിയ പദ്ധതികൾ, അപേക്ഷകൾ ആദ്യമായി സമർപ്പിക്കപ്പെട്ട പദ്ധതികൾ എന്നിവ മുൻഗണനാ മാനദണ്ഡത്തിനും അടിസ്ഥാനമാക്കിയാണ് പദ്ധതികൾ തെരഞ്ഞെടുത്തത്.

(ഇ) 90% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ഓരോ വർഷവും ലഭിക്കുന്ന ധനസഹായത്തിന് അനുസൃതമായി മാത്രമേ പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

2002-2003 വർഷത്തിൽ വെള്ളപ്പൊക്ക നിയന്ത്രണവും കടലാക്രമണം തടയുന്നതും സംബന്ധിച്ച ജോലികൾക്കായി ചെലവാക്കിയ തുക

36 [193] ശ്രീ. സി. മമ്മൂട്ടി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, ഇസ്ഹാക് കുരിക്കൾ :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2002-2003 വർഷത്തിൽ വെള്ളപ്പൊക്ക നിയന്ത്രണവും കടലാക്രമണം തടയുന്നതും സംബന്ധിച്ച ജോലികൾക്കായി ചെലവാക്കിയ തുക എത്ര യാണ്;

(ബി) ഏതെല്ലാം സ്ഥലത്താണ് ഈ തുക ചെലവിട്ടത്; എത്ര വീതം തുക ചെലവായി എന്ന് വ്യക്തമാക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly